# A nursery for laying hens

The success story of Jayanthi, a Kudumbashree member of Vattamkulam Grama Panchayat CDS in Malappuram district is highly commendable. Jayanthi Chechi is a great example of how to succeed when you take on a task with hard work and dedication, starting from just 1000 chickens and today you are stepping into a big business world. Now, the farm has many good breeds, including fancy chickens and ducks. Jayanthi Chechi, a member of Aishwarya Kudumbashree, 14th Ward, a resident of Vattamkulam Panchayath. Poultry farming was started through the project "Broiler farming in the kitchen yard". With the support of the Animal Husbandry Department and the Malappuram Kudumbashree District Mission, the project, which started with 1000 chickens, has now grown to 25000 chickens in a year. This was great proud moment to a woman from a middle class family. Now, she earns a profit of around Rs 35,000 per 1000 chickens depending on the season. She selling BV318, ET Bro verities of hens based on order and providing cage also. Chickens are also provided on order as per the schemes provided by various panchayats. Through this poultry farming they have been able to improve their living conditions and become a great asset to their children education.

And even though the pandemic situation that has befallen us today has affected people like them, Jayanthi Chechi is still continuing her success story.


കരുണ കോഴി ഫാം
(ഐശ്വര്യ കുടുംബശ്രീ യൂണിറ്റ്)
ഉദിനിക്കര - വട്ടംകുളം
Ph: 9961512495
EST - 2007-08




13.jpg - Windows Live Photo Gallery
Edit, organize, or share File Email Print Slide show

# വട്ടംകുളം പഞ്ചായത്തിൽ കോഴിവളർത്തൽ ലക്ഷ്യത്തിലേക്ക്



മംഗളം 2008 നവംബർ 15

കോഴിവളർത്തൽ ലക്ഷ്യത്തിലേക്ക്, വട്ടംകുളം പഞ്ചായത്ത് മാതൃകയാകുന്നു. സംസ്ഥാന മൃഗസംരക്ഷ വകുപ്പ്, കേരള കാർഷിക സർവകലാശാല, കുടുംബശ്രീ മിഷൻ എന്നിവയുടെ സംയുക്ത സംരംഭമായ ഗ്രാമശ്രീ കോഴിവളർത്തൽ പദ്ധതി ലക്ഷ്യത്തിലേക്ക്.

കാർഷിക സർവകലാശാലയിൽ നിന്നുള്ള ഗ്രാമശ്രീ, ഗ്രാമപ്രിയ ഇനം കോഴി കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തി വലുതാക്കി ഗുണഭോക്താക്കൾക്കു നൽകിവരുന്നതാണ് പദ്ധതി.

വട്ടംകുളം പഞ്ചായത്താണ് സംസ്ഥാനത്ത് ആദ്യമായി പദ്ധതിക്കു തുടക്കമിട്ടത്. 20000 കോഴിക്കുഞ്ഞുങ്ങളെ പദ്ധതി വഴി പഞ്ചായത്തിനു ലഭിക്കും. പരിശീലനം നേടിയ മൂന്നു കുടുംബശ്രീ യൂണിറ്റുകൾ എഗ്ഗർ നഴ്സറി തുടങ്ങിയിട്ടുണ്ട്.

സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതിനാൽ ടെറസ്സിന്റെ മുകളിലും കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നുണ്ട്. കോഴിക്കുഞ്ഞുങ്ങൾക്കാവശ്യമായ വിരമരുന്നുകളും കുത്തിവയ്പ്പും മൃഗാശുപത്രിവഴി നൽകുന്നു. ആദ്യഘട്ടത്തിൽ 200 യൂണിറ്റുകൾക്കായി 10 കോഴിക്കുഞ്ഞുങ്ങൾ വിധമാണ് നൽകിയിരുന്നത്.

1200 അപേക്ഷകളാണ് ഇപ്പോൾ ഉള്ളത്. 2009 മെയ് ആദ്യത്തോടെ പഞ്ചായത്തിലെ മുഴുവൻപേർക്കും കോഴിക്കുഞ്ഞുങ്ങളെ നൽകും. വട്ടംകുളം മൃഗാശുപത്രിയിലെ ഡോക്ടർ വി. കെ.മോഹനൻ പറഞ്ഞു. കോഴിക്കുഞ്ഞിന്റെ വിലയായ 60 രൂ പയിൽ 30 രൂപ മൃഗസംരക്ഷണ വകുപ്പും 15 രൂപ വട്ടംകുളം പഞ്ചായത്തും 15 രൂപ ഉപഭോക്താവും ആണ് നൽകുന്നത്.

ഒരു ഉപഭോക്താവിന് 10 മുതൽ 50 വരെ കോഴിക്കുഞ്ഞു ളെ നൽകുന്നത്. ഉദനിക്കരയിൽ 1000, അൽശിഫ കുടുംബശ്ര 300, കേരള കാർഷിക സർവ്വകലാശാല 2000 ഉൾപ്പടെ 3300 കോ ഴിക്കുഞ്ഞുങ്ങളെയാണ് ഇപ്പോൾ വളർത്തിക്കൊണ്ടിരിക്കുന്ന



ഇവ വളർച്ചയെത്തുന്നതോടെ ണ്ടാം ഘട്ടത്തിൽ വിതരണം ല്ലും. ഗ്രാമസഭയിൽ നൽകിയ പേക്ഷ പ്രകാരം സീനിയോറി അടിസ്ഥാനത്തിൽ ഈ മാസ 22ന് കോഴിക്കുഞ്ഞുങ്ങളെ വി രണം ചെയ്യാനാകുമെന്ന് മോ നൻ പറഞ്ഞു. കോഴിമുട്ടക്ക് ണ്ടി അന്യസംസ്ഥാനങ്ങളെ ശ്രയിക്കുന്നത് തടയുക എന്ന ണ് ഇതുവഴി ലക്ഷ്യമിടുന്നത്.

കോഴിമുട്ടയുടെ ആളിന്തര പയോഗം പ്രതിമാസം 11 കോ രൂപയാണ്.

ഫെബ്രുവരിമാസം മുത കോഴിമുട്ട സംഭരണകേന്ദ്രം ക്കാനും പദ്ധതിയുണ്ട്.

വട്ടംകുളം പഞ്ചായത്തിൽ ജയകരമായി പൂർത്തിയാക്കു കോഴിവളർത്തൽ പദ്ധതി മറ്റു ഞ്ചായത്തുകളിലേക്കുകൂടി പിക്കുവാൻ സർക്കാർ ലക്ഷ്യ ക്കുന്നുണ്ട്.

ഡോക്ടർ വി.കെ.പി. ഹൻകുമാർ മൊബൈൽ 9447443167

• സി.കെ.ശശി പച്ചാ
sasipachatti@yahoo.
99618

---

ദീപിക — 2009 — ഏപ്രിൽ [illegible]

# വട്ടംകുളത്തെ മുട്ടവിപ്ലവം

**രാജേഷ്കാരാപ്പള്ളിൽ**

വട്ടംകുളം ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളിലും കോഴികളെ വളർത്തി പരമാവധി മുട്ടയുൽപാദിപ്പിക്കുവാൻ ലക്ഷ്യമിടുന്ന 'ഗ്രാമശ്രീ' പദ്ധതി ലക്ഷ്യത്തിലേക്ക്.

മുട്ടക്കോഴികളായ ഗ്രാമശ്രീ, ഗ്രാമപ്രിയ ഇനം കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തി ഗുണഭോക്താക്കൾക്കു നൽകി ഉൽപാദിപ്പിക്കുന്ന മുട്ട മുഴുവൻ സംഭരിക്കുകയാണ് പദ്ധതി.

പരിശീലനം നേടിയ മൂന്നു കുടുംബശ്രീ യൂണിറ്റുകളാണ് എഗ്ഗർ നഴ്സറികൾ നടത്തുന്നത്. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഒരു മാസം വരെ പരിചരിച്ച് വളർത്തുകയാണിവിടെ. പ്രതിരോധ കുത്തിവയ്പ്പുകളും നിർദ്ദേശങ്ങളും മൃഗാശുപത്രിയിൽ നിന്നു നൽകുന്നു. ആദ്യഘട്ടത്തിൽ പത്തു കോഴിക്കുഞ്ഞുങ്ങൾ വീതം 200 യൂണിറ്റുകൾക്കു നൽകി. ആകെ 1200 അപേക്ഷകൾ ലഭിച്ചിരുന്നു. അടുത്ത മാസത്തോടെ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കോഴിക്കുഞ്ഞുങ്ങളെ നൽകാനുള്ള ശ്രമത്തിലാണ് അധികൃതർ.



വട്ടംകുളം പഞ്ചായത്തിലെ ഒരു ഗ്രാമശ്രീ എഗ്ഗർ നേഴ്സറി.

അറുപത് രൂപ വിലയുള്ള കോഴിക്കുഞ്ഞിന് ഗുണഭോക്താവ് 15 രൂപ നൽകിയാൽമതി. ബാക്കി തുക മൃഗസംരക്ഷണ വകുപ്പും, പഞ്ചായത്തും ചേർന്ന് നൽകുന്നു. പദ്ധതി വഴി ഒരു ഉപഭോക്താവിന് പത്തുമുതൽ അൻപത് വരെ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കും. രണ്ടാംഘട്ടത്തിൽ കുടുംബശ്രീ യൂണിറ്റുകൾ വഴി ഇപ്പോൾ 3300 കോഴിക്കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടിരിക്കുന്നു. ഗ്രാമസഭയിൽ ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലാണ് ഇവയുടെ വിതരണം.

കോഴിമുട്ടയ്ക്കു വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് തടയുകയാണ് ഇതുവഴി പ്രതീക്ഷിക്കുന്നത്. കോഴിമുട്ടയുടെ ആഭ്യന്തര ഉപയോഗം പ്രതിമാസം പതിനൊന്ന് കോടിയാണെങ്കിലും ഉൽപാദനം രണ്ടു കോടി മാത്രമാണ്.

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, കേരള കാർഷിക സർവകലാശാല, വട്ടംകുളം ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്ത സംരംഭമായ പദ്ധതി വിജയകരമായി പൂർത്തിയാകുന്ന മുറയ്ക്ക് മറ്റുപഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

കേരളീയരുടെ നിത്യോപയോഗ സാധനങ്ങൾ അന്യസംസ്ഥാനങ്ങളിലെ കാലാവസ്ഥയെ ആശ്രയിച്ചുമാത്രം നിലനിൽക്കുന്ന സാഹചര്യത്തിൽ 'ഗ്രാമശ്രീ' കൾപോലെയുള്ള പദ്ധതികൾ ഉപയോഗപ്പെടുത്തിയാൽ നമുക്ക് വളരെപ്രയോജനകരമാകും.

([redacted])

# കോഴികളാവശ്യപ്പെട്ട ചലച്ചിത്രഗാനങ്ങൾ

● മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആവശ്യമുള്ളയത്രയും മുട്ടക്കോഴികളെ വളർത്തി വിതരണം ചെയ്തു ജീവിത മാർഗം കണ്ടെത്തിയ വട്ടംകുളത്തെ ചില സംരംഭകരെ പരിചയപ്പെടാം

ജോസ് കെ. വയലിൽ



മുട്ടപ്പാവിൽ മുട്ടക്കൃഷി


Lexi NURSES

Free Scholarships for Female Candidates who wish to pursue a course in Nursing.

• ELIGIBILITY
Age : 17-25 Years
Qualification : Standard 12th Pass with a minimum aggregate score of 50% in Physics, Chemistry, Biology and English. Passed CET Exam.

E-mail : lexicsr2014@gmail.com


# ഇത് ജയന്തിയുടെ സംരംഭം
# മുട്ടക്കോഴിക്കുഞ്ഞുങ്ങൾക്കായി ഒരു നഴ്സറി

ഡോ. എം. മുഹമ്മദ് ആസിഫ്

കൂൺകൃഷിക്കായ് ഒരുക്കിയ സജ്ജീകരണങ്ങളെല്ലാം മാറ്റി ഷെഡ്ഡ് വൃത്തിയാക്കി ജയന്തിയും അങ്ങനെ എഗ്ഗർ നഴ്സറിയാരംഭിച്ചു. അത്യുത്പാദന മികവുള്ള ലക്ഷക്കണക്കിന് മുട്ടക്കോഴികളെയും അവയ്ക്കുള്ള ആധുനിക രീതിയിലുള്ള കൂടുകളും മലപ്പുറം ജില്ലയിലെ എടപ്പാളിനടുത്തുള്ള വട്ടംകുളം പഞ്ചായത്തിലെ ജയന്തിയുടെ എഗ്ഗർ നഴ്സറിയിൽനിന്ന് സംസ്ഥാനമൊട്ടാകെ ഇന്ന് വിപണനം ചെയ്യുന്നു. ഒന്നുമറിയാതെ എഗ്ഗർ നഴ്സറിയാരംഭിച്ച ജയന്തിയുടെ വിജയകഥ അറിയാം.

## നഴ്സറിയുടെ വിശേഷങ്ങൾ

രണ്ടരയിഞ്ച് കനത്തിൽ അറക്കപ്പൊടി വിരിച്ച് ഡീപ് ലിറ്ററും ഉരംമേനിയെ തണുപ്പിൽനിന്ന് കാക്കാൻ കൃത്രിമച്ചൂട് നൽകുന്നതിനുള്ള സംവിധാനങ്ങളും ബ്രൂഡറിനുള്ളിൽ സജ്ജമാക്കും. ശരീര താപനില ക്രമീകരിക്കാൻ വേണ്ട തൂവലുകരം വളർന്നിട്ടില്ലാത്തതിനാൽ ചുരുങ്ങിയത് മൂന്നാഴ്ചയെങ്കിലും ബ്രൂഡിങ് വഴി കൃത്രിമച്ചൂട് നൽകേണ്ടത് പ്രധാനമാണ്. കോഴിക്കുഞ്ഞുങ്ങളുടെ ആരോഗ്യകരമായ വളർച്ചയിലും മരണനിരക്ക് കുറയ്ക്കുന്നതിലും ആദ്യത്തെ മൂന്നാഴ്ചത്തെ പരിപാലനം ഏറെ പ്രധാനപ്പെട്ടതാണ്. ആയിരം മുതൽ രണ്ടായിരം വരെയെണ്ണമുള്ള കോഴികളുടെ ഒരു ബാച്ച് പുറത്തിറങ്ങിയാൽ പിന്നീട് ഷെഡ്ഡ് പൂർണമായും വൃത്തിയാക്കി അണുനാശിനികളിട്ട് കഴുകി കുമ്മായംവിതറി മൂന്നാഴ്ച വെറുതേയിടും. പരിശീലന ക്ലാസുകളിൽ വെച്ച് താൻ പഠിച്ച് പ്രായോഗിക്കുന്ന 'ഡൗൺടൈം' എന്നറിയപ്പെടുന്ന ഈ രീതി രോഗപ്രതിരോധത്തിനായുള്ള മികച്ച ഒരു ജൈവ സുരക്ഷാമാർഗമാണെന്ന് ജയന്തി ഉറപ്പിച്ച് പറയുന്നു.

## മുട്ടക്കോഴികളിലെ മിടുമിടുക്കി

എഗ്ഗർ നഴ്സറി ആരംഭിച്ച ആദ്യ വർഷങ്ങളിൽ വെറ്ററിനറി സർവകലാശാല വികസിപ്പിച്ചെടുത്ത ഗ്രാമലക്ഷ്മി, ഗ്രാമശ്രീ, അതുല്യ തുടങ്ങിയ കോഴിയിനങ്ങളായിരുന്നു ജയന്തിയുടെ എഗ്ഗർ നഴ്സറിയിൽനിന്ന് വളർത്തി വിപണിയിലെത്തിച്ചത്. എന്നാൽ, കഴിഞ്ഞ നാലു വർഷങ്ങളായി പുണെയിലെ വെങ്കിടേശ്വര ഹാച്ചറിസ് വികസിപ്പിച്ച തവിട്ടും വെള്ളയും ഇടകലർന്ന നിറമുള്ള ബി.വി. 380 എന്നയിനം കോഴികളാണ് ഈ ഫാമിൽ നിന്ന് ചിറകുവിരിച്ചിറങ്ങുന്നത്.

മുട്ടയുത്പാദനം കഴിഞ്ഞാലും ബി.വി. 380 കോഴികളുടെ ഗുണങ്ങരം തീരുന്നില്ല. 72-74 ആഴ്ചയോളം നീണ്ടു നിൽക്കുന്ന മുട്ടയുത്പാദനകാലം കഴിഞ്ഞാൽ ബ്രോയ്ലർ കോഴികരംക്ക് നൽകുന്ന ഫിനിഷർ തീറ്റ നൽകി രണ്ട്-രണ്ടരക്കിലോ ഭാരമുള്ള ഇറച്ചിക്കോഴികളായി മാറ്റി ഉപയോഗിക്കാമെന്ന അധികമേന്മയും ബി.വി. 380 കോഴികരംക്കുണ്ട്. അൻപത് ബി.വി. 380 മുട്ടക്കോഴികളെ മുറ്റത്തോ, മട്ടുപ്പാവിലോ വളർത്തിയാൽ വീട്ടമ്മമാർക്ക് 5000 രൂപയെങ്കിലും പ്രതിമാസം വരുമാനം നേടാമെന്ന് ജയന്തി പറയുന്നു.



● ജയന്തി ഫാമിൽ

## വിജയസംരംഭം

ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളുടെ വില, ഹാച്ചറിയിൽനിന്ന് ഫാമിലേക്കുള്ള യാത്രച്ചെലവ്, തീറ്റ, പ്രതിരോധമരുന്നുകരം, വൈദ്യുതി തുടങ്ങിയവയ്ക്കുള്ള ചെലവുകരം എന്നിവയെല്ലാമാണ് എഗ്ഗർ നഴ്സറി സംരംഭത്തിൽ പ്രധാനമായും മുതൽമുടക്കേണ്ടത്. തൊഴിലാളി ചെലവ് കുറവുള്ള സംരംഭങ്ങളിലൊന്നാണ് എഗ്ഗർ നഴ്സറി. ആയിരം കുഞ്ഞുങ്ങളടങ്ങിയ ഒരൊറ്റ ബാച്ചിനെ 60 ദിവസത്തിനുള്ളിൽ പുറത്തിറക്കിയാൽ 35,000-ത്തോളം രൂപ ലാഭമുണ്ടാകും.

## മുട്ടക്കോഴികൾ മാത്രമല്ല

ഇന്ന് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ മാത്രമല്ല വൺ ടയർ, ടു ടയർ, മറംട്ടി ടയർ തുടങ്ങി വിവിധ മാതൃകകളിൽ 'നാമക്കൽ മോഡൽ' ആധുനിക മുട്ടക്കോഴിക്കൂടുകളും ഇവിടെനിന്ന് ലഭിക്കും. സ്ഥലപരിമിതിയുള്ള വീടുകളിൽ മുറ്റത്തും മട്ടുപ്പാവിലും കൂട് പ്രത്യേകം രൂപകല്പന ചെയ്ത് വളർത്താം. ഫാമിൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങാനെത്തുന്നവർക്കും പുതുസംരംഭകർക്കും പ്രായോഗികപരിശീലനവും ജയന്തി നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിച്ച എഗ്ഗർ നഴ്സറിയായതിനാൽ മലപ്പുറം ജില്ലയിലെ മിക്ക പഞ്ചായത്തുകളിലും സർക്കാർപദ്ധതി പ്രകാരം നടപ്പാക്കുന്ന മുട്ടക്കോഴി വിതരണപദ്ധതിക്കാവശ്യമായ കോഴികളെ നൽകുന്നത് ഈ ഫാമിൽ നിന്നാണ്.

എഗ്ഗർ നഴ്സറി കൃഷിയിൽ ജയന്തിക്ക് പിന്തുണയുമായി ഭർത്താവ് കുമാരനും എം.ബി.എ. പൂർത്തിയാക്കിയ മകൻ ദീപക്കും ഒപ്പമുണ്ട്. ഒന്നുമറിയാതെ എഗ്ഗർ നഴ്സറിയാരംഭിച്ച ഈ വീട്ടമ്മയിന്ന് മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ കർഷകർക്ക് ക്ലാസുകരം കൈകാര്യം ചെയ്യുന്ന ട്രെയിനർ കൂടിയാണ്.

ആത്മാർഥതയോടെ അല്പമൊന്നധ്വാനിക്കാൻ തയ്യാറുള്ള ആർക്കും വിജയിച്ച് കയറാവുന്ന മേഖലയാണ് എഗ്ഗർ നഴ്സറി സംരംഭം എന്നതിന് ജയന്തിയുടെ ജീവിത വിജയകഥ തന്നെയാണ് ഏറ്റവും വലിയ തെളിവ്.

വിവരങ്ങരംക്ക്: 9142027189